മലയാള മനോരമ 06 July 2022

# മത്തിക്കു മതിയായി !

## കേരളത്തിൽ മത്തിലഭ്യത കുത്തനെ ഇടിയുന്നെന്നു വീണ്ടും പഠന റിപ്പോർട്ട്

മനോരമ ലേഖിക

കൊച്ചി● കേരളത്തിൽ മത്തിയുടെ ലഭ്യത ഗണ്യമായി കുറഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം. കഴിഞ്ഞ വർഷം 3297 ടൺ മത്തിയാണു സംസ്ഥാനത്ത് ലഭിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് 75% കുറവുണ്ടായി.

മത്തിയുടെ ലഭ്യതയിൽ 1994നു ശേഷമുള്ള ഏറ്റവും വലിയ കുറവാണിത്. 1995 മുതൽ 2020 വരെയുള്ള വാർഷിക ശരാശരിയേക്കാൾ 98 ശതമാനമാണു കുറഞ്ഞത്. സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാലയിലാണു റിപ്പോർട്ടുകൾ അവതരിപ്പിച്ചത്.

കേരളത്തിലെ ആകെ സമുദ്ര മത്സ്യ ലഭ്യത 2021ൽ 5.55 ലക്ഷം ടൺ ആണ്. കോവിഡ് കാരണം മീൻപിടുത്തം വളരെ കുറഞ്ഞ 2020 നേക്കാൾ 54% വർധന ആകെ മത്സ്യലഭ്യതയിലുണ്ട്. 2020ൽ ഇത് 3.6 ലക്ഷം ടൺ ആയിരുന്നു.

കഴിഞ്ഞ വർഷം കേരളത്തിൽ ഏറ്റവും പിടിക്കപ്പെട്ട മത്സ്യം മറ്റിനം ചാളകൾ എന്ന് വിളിക്കപ്പെടുന്ന ലെസർ സാർഡിനാണ്. 65,326 ടൺ. അയലയും തിരിയാനുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ചാള, മണങ്ങ്, മുള്ളൻ, ആവോലി എന്നിവയുടെ ലഭ്യത കുറഞ്ഞപ്പോൾ ചെമ്മീൻ, കൂന്തൽ, കിളിമീൻ എന്നിവയുടെ ലഭ്യതയിൽ ഗണ്യമായ വർധന ഉണ്ടായതായി സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി. എം. നജ്മുദ്ദീൻ പറഞ്ഞു.



കഴിഞ്ഞ ഏതാനും വർഷങ്ങളായി മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് മത്സ്യ മേഖലയിൽ കനത്ത നഷ്ടമുണ്ടാക്കിയെന്നു കണക്കുകൾ. 2014ൽ ലാൻഡിങ് സെന്ററുകളിൽ ലഭിച്ചിരുന്ന മത്തിയുടെ വാർഷിക മൂല്യം 608 കോടി രൂപ ആയിരുന്നത് 2021ൽ 30 കോടി രൂപയായി ഇടിഞ്ഞു. 578 കോടി രൂപയുടെ നഷ്ടമാണു മത്സ്യമേഖലയിൽ സംഭവിച്ചതെന്ന് സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എൻ. അശ്വതിയുടെ നേതൃത്വത്തിൽ നടന്ന പഠനം വെളിപ്പെടുത്തുന്നു.